69 (1033) പുൽപ്പള്ളിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സ്റ്റേഷൻ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പുൽപ്പള്ളിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുൽപ്പള്ളി പ്രദേശം പൂർണ്ണമായും ദേശസാൽക്കൃത മേഖലയല്ലാത്തതിനാലും ഈ സ്ഥലത്തുനിന്നും 25 കി. മീറ്ററിനുള്ളിൽത്തന്നെ സുൽത്താൻ ബത്തേരിയിൽ ഒരു ഡിപ്പോ ഉള്ളതുകൊണ്ടും ഇക്കാര്യത്തിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

70 (1034) പുതിയ ബസ് സർവ്വീസുകൾ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര ബസ് സർവ്വീസുകൾ ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഡിപ്പോയിൽനിന്നും പുതിയതായി ആരംഭിച്ച ബസ് സർവ്വീസുകൾ എത്ര;

(സി) ഓരോ ഡിപ്പോയ്ക്കും പുതിയതായി എത്ര ബസുകൾ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇതിൽ പഴയ ബസുകൾക്ക് പകരം പുതിയവ അനുവദിച്ചത് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ച് മറുപടി ലഭ്യമാക്കുന്നതാണ്.

71 (1035) എടപ്പലയിലേക്കുള്ള സ്വകാര്യ സർവ്വീസ്

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ എടപ്പല എന്ന സ്ഥലത്തേയ്ക്ക് എത്ര സ്വകാര്യ ബസുകൾക്കാണ് സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് നൽകിയിട്ടുള്ളത്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ബസുകൾ അനുവദിച്ച റൂട്ടിൽ കൃത്യമായി സർവ്വീസ് നടത്തുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly